(ബി) സംസ്ഥാനത്ത് ആവശ്യമുള്ളവർക്ക് വിദഗ്ധ വൈദ്യസേവനം നൽകുവാൻ ഗവൺമെന്റിന് എന്തെല്ലാം പരിപാടികളാണുള്ളത്;

(സി) ഒരു വ്യവസായം എന്ന നിലയിൽ വർദ്ധിച്ചുവരുന്ന സ്വകാര്യമെഡിക്കൽ സ്ഥാപനങ്ങളെ നിയന്ത്രിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ;

ആരോഗ്യവും. സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്):

(എ) സംസ്ഥാനത്തിന് പ്രത്യേകമായി ഒരു ആരോഗ്യനയം ഇല്ല. ഇന്ത്യാഗവൺമെന്റിന്റെ ആരോഗ്യനയമാണ് ഇപ്പോൾ സംസ്ഥാനഗവൺമെന്റ് പിൻതുടരുന്നത്. സംസ്ഥാനത്തിന്റെതായ ഒരു ആരോഗ്യനയം രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജാശുപത്രികളിലും സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ധനലഭ്യതക്ക് വിധേയമായി കൂടുതൽ മെച്ചപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. ആധുനികചികിൽസാ സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങി ലഭ്യമാക്കുന്നുണ്ട്. ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും മെച്ചപ്പെട്ട ചികിൽസ സംബന്ധിച്ച വിദഗ്ധ പരിശീലനം ഇപ്പോൾ നൽകുകയും ചെയ്യുന്നു.

(സി)&(ഡി) സ്വകാര്യആശുപത്രികളുടെയും ലബോറട്ടറികളുടേയും രജിസ്ട്രേഷനും പ്രവർത്തനവും നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

20(*315) കുടുംബ കോടതി

ശ്രീ. കെ.പി. രാജേന്ദ്രൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ കുടുംബ കോടതികളിലായി ഇപ്പോൾ എത്ര കേസ്സുകൾ കെട്ടിക്കിടക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര കുടുംബ കോടതികൾ പ്രവർത്തിക്കുണ്ട്;

(സി) ജനസംഖ്യാനുപാതികമായി സംസ്ഥാനത്ത് എത്ര കുടുംബ കോടതികൾ സ്ഥാപിക്കേണ്ടതായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കുടുംബകോടതികളിൽ എത്തുന്ന കേസ്സുകൾ യഥാസമയം തീർപ്പു കല്പിച്ച് കിട്ടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ):

(എ) 30.9.99 വരെ തീർപ്പാക്കാത്ത 17767 കേസ്സുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏഴു കുടുംബകോടതികൾ

(സി) എല്ലാ ജില്ലകളിലും ഓരോ കുടുംബകോടതി സ്ഥാപിക്കേണ്ട തായിട്ടുണ്ട്.

(ഡി) കുടുംബകോടതിയുടെ പ്രവർത്തനം ജഡ്ജിമാരുടെ സമിതി പരിശോധിച്ച് കേസ്സുകൾ വേഗം തീർപ്പാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

21 (*316) വിഷചികിൽസാ കേന്ദ്രങ്ങൾ

ശ്രീ. പി. രാജു :
ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ആശുപത്രികളോടനുബന്ധിച്ച് വിഷചികിത്സാ കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഏതെല്ലാം ആശുപത്രികളോടനുബന്ധിച്ച് ഇവ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്; ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട്;

(സി) പ്രധാനപ്പെട്ട എല്ലാ ആശുപത്രികളോട് അനുബന്ധിച്ചും വിഷചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്):

(എ) എല്ലാ മെഡിക്കൽ കോളേജുകളിലേയും മെഡിസിൻ വിഭാഗത്തിന്റെ കീഴിൽ വിഷചികിത്സാ സൗകര്യങ്ങളുണ്ട്. സംസ്ഥാനത്തെ ഇരുപത്തിരണ്ട് ആയുർവേദ ആശുപത്രികളോടനുബന്ധിച്ച് വിഷചികിത്സാ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ വിഷചികിത്സക്കായി പ്രത്യേക ആറ് ആയുർവേദ ഡിസ്പെൻസറികളുമുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരുവിഷചികിൽസാ കേന്ദ്രം(പോയിസൺ സെന്റർ) ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി നടപ്പ് സാമ്പത്തികവർഷം ഇരുപത്തിയഞ്ച് ലക്ഷം രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ധനലഭ്യത അനുബന്ധിച്ചു മാത്രമേ കൂടുതൽ വിഷചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

22 (*317) ക്ഷേത്രജീവനക്കാരുടെ വർഷാശനം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണത്തെ തുടർന്ന് ക്ഷേത്രഭൂമികൾ സർക്കാർ അധീനതയിൽ വന്നപ്പോൾ നിത്യനിദാന ചെലവുകൾക്കായി ക്ഷേത്രജീവനക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly